**യൂറോപ്യന് യൂണിയന് ഉന്നത പ്രതിനിധിയുടെ ഇന്ത്യാ സന്ദർശനം (ഏപ്രില് 21-22, 2017 )**

ഏപ്രില് 21, 2017

1. യൂറോപ്യന് യൂണിയന് ഉന്നത പ്രതിനിധിയും വൈസ് പ്രസിഡണ്ടുമായ ഹിസ് എക്സലൻസി മിസ് ഫെഡെറിക മോഘേറിനി ഏപ്രില് 21-22, 2017 തീയതികളില് ഔദ്യോഗികമായി ഇന്ത്യ സന്ദർശിച്ചു

2. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി ഉന്നത പ്രതിനിധി കൂടിക്കാഴ്ച നടത്തി. കേന്ദ്ര വിദേശകാര്യമന്ത്രി ശ്രീമതി സുഷമ സ്വരാജ് , വിദേശകാര്യ സഹമന്ത്രി ശ്രീ എം.ജെ അക്ബര് എന്നിവരുമായി അവര് പ്രതിനിധിതല ചർച്ചകള് നടത്തി

3. ചർച്ചകള് വളരെ സൌഹൃദപരവും സഹകരണം നിറഞ്ഞതുമായ അന്തരീക്ഷത്തിലായിരുന്നു നടന്നത്, അവര് പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളില് തങ്ങളുടെ കാഴ്ചപ്പാടുകള് പങ്കു വച്ചു. തങ്ങളുടെ തന്ത്രപ്രധാന പങ്കാളിത്തത്തെ കൂടുതല് ശക്തമാക്കുവാനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു വിഭാഗവും ആവർത്തിച്ചു പറഞ്ഞു . മാർച്ച് 20176 ല് ബ്രസ്സൽസില് നടന്ന ഇന്ത്യാ-ഇയു ഉച്ചകോടിയുടെ അവസരത്തില് , തീവ്രവാദത്തെ പ്രതിരോധിക്കല്, കുടിയേറ്റം, പ്രയാണം , ജല പങ്കാളിത്തം, വൃത്തിയുള്ള ഊർജം കാലാവസ്ഥാ വ്യതിയാന പ്രവർത്തനം എന്നിവ അടക്കമുള്ള മേഖലകളില് എടുത്ത ചുമതലകളിലെ പുരോഗതി അവര് അവലോകനം ചെയ്തു

4. പാരീസില് ഇന്നലെ നടന്ന തീവ്രവാദ ആക്രമണത്തെ അപലപിക്കവേ , ഇന്ന് മനുഷ്യകുലത്തിന് നേരെയുള്ള ഏറ്റവും വലിയ ഭീഷണി തീവ്രവാദമാണെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി ഊന്നിപ്പറയുകയും ഇന്ത്യയും ഇയുവും തീവ്രവാദത്തെ അതിന്റെ ഏത് രൂപവും ആവിഷ്ക്കരണവും ചെറുക്കുവാനുള്ള തങ്ങളുടെ സഹകരണം കൂടുതല് ശക്തമാക്കണം എന്നും അത്തരം പ്രവർത്തനങ്ങളെ നിരാകരിക്കുവാനുള്ള തങ്ങളുടെ ഉറച്ച തീരുമാനത്തെ പ്രകടമാക്കണം എന്നും മന്ത്രി പറഞ്ഞു

5. ഇന്ത്യയുടെ വലിയ വ്യാപാര പങ്കാളികളില് ഒന്നാണ് ഇയു, ഇയുവുമായുള്ള ചരക്കുകളിലെ ഉഭയകക്ഷി വ്യാപാരം 85 ബില്യണ് അമേരിക്കന് ഡോളറായി 2016 ല് രേഖപ്പെടുത്തിയിരുന്നു . ഇന്ത്യയുടെ

കയറ്റുമതിയുടെ വലിയ ലക്ഷ്യമാണ് ഇയു, അതോടൊപ്പം പ്രധാന നിക്ഷപ സ്രോതസ്സും , സാങ്കേതിക പ്രഭവസ്ഥാനവും കൂടിയാണ് . ക്ലീന് ഇന്ത്യ, നമാമി ഗംഗേ, സ്കില് ഇന്ത്യ, സ്റ്റാർട്ട് അപ്പ് ഇന്ത്യ, സ്മാർട്ട് സിറ്റീസ്, നവീകരിക്കാവുന്ന ഊർജം, അടുത്ത തലമുറ അടിസ്ഥാന സൌകര്യങ്ങള് എന്നീ പ്രധാന പദ്ധതികൾക്ക് വർധിച്ച തലത്തിലുള്ള നിക്ഷേപം ഇന്ത്യ ഇയു കാംപണികളില് നിന്നും ലക്ഷ്യമാക്കുന്നുണ്ട് . ഇന്ത്യാ-ഇയു ബ്രോഡ് ബേസ്ഡ് ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് എഗ്രിമെന്റ് മുന്നോട്ട് കൊണ്ടുപോകാനുള്ള വഴികള് ഇരു ഭാഗവും ചർച്ച ചെയ്തു

6. ലോകത്തെ വലിയ രണ്ടു ജനാധിപത്യങ്ങള് എന്ന നിലയില് ഇന്ത്യയും ഇയുവും സ്വാഭാവിക പങ്കാളികള് ആണ്. ഇന്ത്യ യൂറോപ്യന് യൂണിയനുമായുള്ള തങ്ങളുടെ ബഹുമുഖ തന്ത്രപ്രധാന പങ്കാളിത്തത്തിന് വലിയ മൂല്യം ആണ് നൽകുന്നത് , ഇരുവരും എല്ലാവർക്കും സമാധാനത്തിനും പുരോഗതിക്കുമായി നിയമത്തെ അടിസ്ഥാനമാക്കിയുള്ള ആഗോള വ്യവസ്ഥയും ബഹുമുഖത്വവും ശക്തിപ്പെടുത്തണം എന്നും ആഗ്രഹിക്കുന്നു

ന്യൂഡെൽഹി
ഏപ്രില് 21, 2017